**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5265** **21-07-2022 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിലെ പെൻഷൻ പ്രായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങിൽ പെൻഷൻ പ്രായം 60 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്. 2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. എന്നാൽ ജീവനക്കാർക്ക് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ് പെൻഷൻ പദ്ധതിയാണ് ഇപ്പോഴും സി-ആപ്റ്റിൽ നിലവിലുള്ളതെന്നും ആയതിനാൽ സി-ആപ്റ്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തണമെന്നും മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സി-ആപ്റ്റിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ പുതിയ നിയമനങ്ങൾ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | സി-ആപ്റ്റിൽ ആശ്രിത നിയമനങ്ങളൊഴികെ പുതിയ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കിയതിനുശേഷമെ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്ന് കണ്ടെത്തി അതനുസരിച്ച് നിയമനങ്ങൾ നടത്തുന്ന തിന് സാധിക്കുകയുള്ളൂ. |
| (സി) | യുവാക്കൾക്ക് അവസരം നിഷേധിച്ചുകൊണ്ട് പെൻഷൻ പ്രായം ഉയർത്തുന്നത് സർക്കാരിന്റെ നയത്തിന്റെ ഭാഗമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | പെൻഷൻ പ്രായം ഉയർത്തുക എന്നത് സർക്കാർ നയമല്ല. 2013 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായതിനാൽ അവർക്ക് 60 വയസ്സ് വരെ ജോലിയിൽ തുടരാവുന്നതാണ്. ഈ സാഹചര്യത്തിലാണ് തുച്ഛമായ പെൻഷൻ മാത്രം ലഭിക്കുന്ന ഇ.പി.എഫ് പെൻഷൻ പദ്ധതി നിലവിലുള്ള സി-ആപ്റ്റിലും ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സായി വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ, സി-ആപ്റ്റിൽ സ്റ്റാഫ് |

| | | | |
|---|---|---|---|
| | | | പാറ്റേൺ, പ്രൊമോഷൻ പോളിസി എന്നിവ നടപ്പിലാക്കിയതിനുശേഷം മാത്രമെ പുതിയ നിയമനങ്ങൾ ആവശ്യമാണോ എന്നത് സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ